"ഭരണഭാഷ– മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി – പ്രളയം 2018–പ്രളയക്കെടുതികളിൽ ഇടുക്കി ജില്ലയിലെ പൂർണമായും വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് നാശനഷ്ടം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ് – എ) വകുപ്പ്

സ.ഉ.(സാധാ) നം.301/2019/റവ. തീയതി,തിരുവനന്തപുരം, 30/01/2019

പരാമർശം:– 1 സ.ഉ.(കൈ) നം. 24/2018/ദു.നി.വ .തീയതി 26/10/2018

2 സ.ഉ.(കൈ) നം. 07/2018/ദു.നി.വ .തീയതി 21/6/2018

3 സ.ഉ.(സാധാ) നം. 4893/2018/ദു.നി.വ .തീയതി 26/11/2018

4 ഇടുക്കി ജില്ലാ കളക്ടറുടെ 12/11/2018 തീയതിയിലെ DCIDK/180/2018/E3– നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം (1)&((2) പ്രകാരം പ്രളയക്കെടുതികളിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം പ്രളയക്കെടുതികളിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് ഇടുക്കി ജില്ലാ കളക്ടർക്ക് തൊണ്ണൂറ്റി മൂന്നു കോടി പത്ത് ലക്ഷത്തി നാലായിരത്തി ഇരുന്നൂറു രൂപ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിതരണം ചെയ്യുന്നതിലേക്കായി അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

ഇടുക്കി ജില്ലയിൽ പൂർണമായും വീടും സ്ഥലവും നഷ്ടപ്പെട്ട 279 കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കണമെന്ന് സൂചന (4) പ്രകാരമുള്ള ഇടുക്കി ജില്ലാ കളക്ടറുടെ പ്രൊപോസൽ പ്രകാരവും 2018–ലെ പ്രളയക്കെടുതിയിൽ സംസ്ഥാനത്തെ വീടുകൾക്കുണ്ടായ നാശനഷ്ടം വിലയിരുത്തി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സർക്കാരിൽ ലഭ്യമാക്കിയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ പൂർണമായും വീടും സ്ഥലവും നഷ്ടപ്പെട്ട 279 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനായി ആറു ലക്ഷം രൂപ വീതവും വീട് പുനർനിർമിക്കുന്നതിനായി 298100 രൂപ വീതവും ആകെ 250569900/-രൂപ **(ഇരുപത്തിയഞ്ചു കോടി അഞ്ചു ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി തൊള്ളായിരം രൂപ മാത്രം )** അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിതരണത്തിനാവശ്യമായി വരുന്ന 250569900/-രൂപ **(ഇരുപത്തിയഞ്ചു കോടി അഞ്ചു ലക്ഷത്തി അറുപത്തി ഒപതിനായിരത്തി തൊള്ളായിരം രൂപ മാത്രം )** 2075–00–800–40

contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ഇടുക്കി ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.എച്ച്.കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, ഇടുക്കി

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ജില്ലാ ട്രഷറി ഓഫീസർ ,ഇടുക്കി ( ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ & ഇ), കേരള, തിരുവനന്തപുരം

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ (ഡിആർഎഫ്-ബി, സി വകുപ്പ്)

ദുരന്ത നിവാരണ ( എ/ബി) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Smitha A.S.

സെക്ഷൻ ഓഫീസർ